**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3126** **11-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സമാന്തര പാലങ്ങളുടെയും എളങ്കുന്നപ്പുഴ-പൂക്കോട് പാലത്തിന്റെയും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഒന്നും മൂന്നും ഗോശ്രീ സമാന്തര പാലങ്ങളുടെയും എളങ്കുന്നപ്പുഴ - പൂക്കോട് പാലത്തിന്റെയും നിർമ്മാണ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | ജിഡ-ഗോശ്രീ 1-ആം പാലത്തിന് സമാന്തര പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്ക് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് പ്രൊപ്പോസൽ 10.01.2025 തീയതിയിലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൻ മേൽ നടപടി സ്വീകരിക്കുകയും ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലുമാണ്.<br><br>ഗോശ്രീ 3-ആം പാലത്തിനു സമാന്തരമായി കാളമുക്ക് ജംഗ്ഷനിൽ നിന്ന് വല്ലാർപാടത്തേക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി 70 കോടി രൂപയുടെ പ്രവൃത്തി 2025-26 ബഡ്ജറ്റിൽ വാല്യം - 11 ൽ (Sl.2237, page No. 146) ഉൾപ്പെട്ടിട്ടുണ്ട്. 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് മേൽ പ്രവൃത്തിക്ക് ലഭിച്ചിരുന്നത്. 18.10.2023-ൽ ചേർന്ന സി.എം.റ്റി. മീറ്റിങ്ങിൽ പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് MLA നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം 40.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 20.03.2024 തീയതിയിലെ കത്ത് പ്രകാരം സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ അനിവാര്യത 31/08/2024 തീയതിയിലെ സ.ഉ.(സാധാ)നം. 76/2024/Fin ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ശേഷം പ്രൊപ്പോസൽ പുന:സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വൈപ്പിൻ മുനമ്പം സംസ്ഥാന പാതയിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി, എളംകുന്നപ്പുഴ പൂക്കാട് പാലം നിർമ്മാണത്തിനായുള്ള 60 കോടി രൂപയുടെ പ്രവൃത്തി 2025-26 ലെ സംസ്ഥാന ബഡ്ജറ്റിൽ വാല്യം - II ൽ (Sl no. 1326, Page No 87 ) 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടെ ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വൈപ്പിൻ ദ്വീപിലെ ഗതാഗത കുരുക്ക് കണക്കിലെടുത്ത് എളംകുന്നപുഴ പൂക്കാട് പാലത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം പുന:സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ